"ഭരണഭാഷ-മാതൃഭാഷ"

8314

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ്

വിഷയം :- പൊതുവിദ്യാഭ്യാസം - അംഗീകൃത അധ്യാപക സംഘടനകളുടെ വാർഷിക സമ്മേളനം - വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. 14/02/2008 ലെ സ.ഉ(സാധാ) നമ്പർ 841/2008/പൊ.വി.വ.
2. വിവിധ അധ്യാപക സംഘടനാ ഭാരവാഹികളുടെ കത്തുകൾ.

### ഉത്തരവ് നമ്പർ എച്ച് 3/11483/ഡി.ജി.ഇ. തീയതി : 05/12/2019

സംസ്ഥാനത്തെ അംഗീകൃത അധ്യാപക സംഘടനകൾക്ക് അവരുടെ വാർഷിക സമ്മേളനത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സെമിനാറുകളിൽ പങ്കെടുക്കുന്നതിന് ഡ്യൂട്ടി ലീവ് അനുവദിക്കാൻ പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിഗണിച്ച് താഴെപ്പറയുന്ന അധ്യാപക സംഘടനകളുടെ 2020-21 വർഷത്തെ സംസ്ഥാന സമ്മേളന ത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുക്കുന്നതിന് അധ്യാപകർക്ക് പരാമാവധി രണ്ടു ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (2) പ്രകാരം അപേക്ഷകൾ സമർപ്പിച്ച സംഘടനകളുടെ പേരിന് നേരെ ചേർത്തി രിക്കുന്ന സമ്മേളന തീയതികൾ ഉൾപ്പെടുന്ന ഏതെങ്കിലും രണ്ടു ദിവസം മാത്രമേ ഡ്യൂട്ടി ലീവ് അനുവദിക്കാവൂ.

| ക്രമ നമ്പർ | സംഘടനയുടെ പേര് | വാർഷിക സമ്മേളനം നടക്കുന്ന തീയതി |
|---|---|---|
| 1 | കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ KATF (A) | 30/01/2020 മുതൽ 01/02/2020 വരെ |
| 2 | കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ KATF (A) | 30/01/2020 മുതൽ 01/02/2020 വരെ |
| 3 | കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ KSTU | 02/02/2020 മുതൽ 04/02/2020 വരെ |

മേൽ സൂചിപ്പിച്ച തീയതികളിൽ വാർഷിക സമ്മേളനത്തിൽ / വിദ്യാഭ്യാസ സമ്മേള നത്തിൽ പങ്കെടുക്കുന്നവർക്ക് അതാത് സംഘടനകളുടെ ജനറൽ സെക്രട്ടറിയോ പ്രസിഡന്റോ നൽകുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രഥമാധ്യാപകൻ പരാമാവധി രണ്ടു ദിവസം ഡ്യൂട്ടി ലീവ് അനുവദിക്കേണ്ടത്.

File No.DGE/11483/2019-H3

സംസ്ഥാന സമ്മേളനത്തൽ പുതുതായി തെരഞ്ഞെടുക്കുന്ന ജനറൽ സെക്രട്ടറി, പ്രസിഡന്റ്, മറ്റ് ഭാരവാഹികൾ തുടങ്ങിയവരുടെ പേര് വിവരങ്ങളും മേൽ വിലാസവും (ഇ മെയിൽ ഐ.ഡി ഉൾപ്പെടെ) അടിയന്തരമായി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

Signature valid
R S SHIBU
Digitally signed by R S SHIBU
Reason: Approved
ADDITIONAL DIRECTOR (GEN)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

1. ബന്ധപ്പെട്ട അധ്യാപക സംഘടനകളുടെ പ്രസിഡന്റ്/ ജനറൽ സെക്രട്ടറി
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

എ1 - 8314/19 എൽ. ഡിസ് തീയതി 9/1/2020

പകർപ്പ് അറിവിലേക്കും

തുടർ നടപടികൾക്കുമായും നൽകുന്നു.

സ്വീകർത്താവ്

എല്ലാ ഗവ/ എയ്ഡഡ് ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും

7/1/2020

ജില്ലാ വിദ്യാഭ്യാസ ഓഫീസർ

9/1